ഉത്തരം

(എ) 1886-ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവും മദ്രാസ് ഗവൺമെന്റിനുവേണ്ടി സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇൻഡ്യയും പെരിയാർ ലീസ് ഡീഡും 1970-ൽ അനുബന്ധകരാറും ഭേദഗതികരാറും ഒപ്പുവച്ചതായല്ലാതെ മറ്റേതെങ്കിലും കരാർ ഒപ്പുവച്ചതായി അറിവിൽപ്പെട്ടിട്ടില്ല. മേൽ കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽനിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട 8000 ഏക്കർ സ്ഥലം ജല സംഭരണിക്കും മറ്റൊരു 100 ഏക്കർ സ്ഥലം മറ്റ് അനുബന്ധപ ണികൾക്കുമായി നിലനിർത്തിക്കൊണ്ട് 999 വർഷത്തേക്ക് തമി ഴ്നാടിന് പാട്ടത്തിന് നല്കി.

2. മേൽപ്പറഞ്ഞ പ്രദേശത്തുനിന്നോ അതിലൂടെയോ, അതി ലേക്കോ ഒഴുകുന്ന മുഴുവൻ ജലവും തമിഴ്നാടിന് നൽകി.

3. ഈ ജലാശയത്തിൽ മത്സ്യബന്ധനത്തിനുള്ള അവകാശം തമിഴ്നാടിനായിരിക്കും (ഈ അവകാശം 1970-ലെ ഭേദഗതി കരാറിൽ കേരളം സ്വായത്തമാക്കി.)

4. ഈ കരാർ മറ്റൊരു 999 വർഷത്തേക്കുകൂടി പുതുക്കാൻ വ്യവ സ്ഥചെയ്തു.

5. അഭിപ്രായവ്യത്യാസം ഉടലെടുത്താൽ പ്രശ്നം ആർബിട്രേഷന് വിടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) 1886-ലെ പാട്ടക്കരാറിന്റെ നിയമസാധുതയെപ്പറ്റി കൂലങ്കഷമായി പരിശോധിച്ചശേഷമേ ഇതിൽ തീരുമാനമെടുക്കാനാവൂ.

പെരിയാർ പാട്ടക്കരാറിന് ഭേദഗതി

61 (T 995) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1970-ലെ പെരിയാർ പാട്ടക്കരാറിന് ഭേദഗതി കരാറുണ്ടാക്കുന്നതിനു വേണ്ടി ഏതെല്ലാം തലത്തിൽ എന്തൊക്കെയാണ് തീരുമാനമുണ്ടായത് എന്നും തീരുമാനങ്ങളെന്തെല്ലാമാണെന്നും ആരെല്ലാമാണ് കേരളത്തെ പ്രതിനിധീകരിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ബി) പാട്ടക്കരാറിന്റെ ഭേദഗതിക്കരാർ ഒപ്പുവയ്ക്കുന്നതിന് മുമ്പോ ഒപ്പുവച്ചതിനുശേഷമോ മന്ത്രിസഭാ യോഗങ്ങളിൾ ചർച്ച ചെയ്തിട്ടുണ്ടോ ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29-5-1970-ൽ ഒപ്പുവച്ച ഭേദഗതിക്കരാറിലെ പ്രധാന തീരുമാനങ്ങൾ/ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. മൂലക്കരാറിൽ മത്സ്യബന്ധനത്തിന് തമിഴ്നാടിന് നല്കിയിരുന്ന അവകാശം എടുത്തുകളയുകയും കേരളത്തിന് അതിനുള്ള അവകാശം നൽകുകയും ചെയ്തു.

2. ഏക്കറൊന്നിന് 5 രൂപ നിരക്കിൽ മൂലക്കരാറിൽ നിശ്ചയിച്ചിരുന്ന പാട്ടത്തുക 30 രൂപയായി ഉയർത്തി.

3. ഈ തുക 30 വർഷം കൂടുമ്പോൾ പുതുക്കാൻ വ്യവസ്ഥ ചെയ്തു.

ഇതേ തീയതിയിൽത്തന്നെ പെരിയാർ ജലവൈദ്യുത പദ്ധതി സംബന്ധിച്ച അനുബന്ധക്കരാറും ഒപ്പുവയ്ക്കുകയുണ്ടായി. ഈ കരാറുകൾ കേരളത്തെ പ്രതിനിധീകരിച്ച അന്നത്തെ വാട്ടർ ആന്റ് പവർ വകുപ്പു സെക്രട്ടറി ശ്രീ. കെ. പി. വിശ്വനാഥൻനായരാണ് ഒപ്പുവച്ചത്. സാക്ഷികളായി പൊതുമരാമത്ത് വകുപ്പു സെക്രട്ടറി ശ്രീ. ആർ. ഗോപാലസ്വാമിയും നിയമവകുപ്പു സെക്രട്ടറി ശ്രീ. പി. ശങ്കുണ്ണിമേനോനും ഒപ്പു വച്ചു.

(ബി) അനുബന്ധ കരാർ ഒപ്പുവയ്ക്കുന്നതിന് മുൻപ് പലഘട്ടങ്ങളിലും അന്നത്തെ മന്ത്രിസഭകൾ ചർച്ച നടത്തിയിട്ടുള്ളതായി കാണുന്നു.

തമിഴ്നാട്ടിന്റെ അനധികൃത നിർമ്മാണങ്ങൾ

62 (996) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-3-1994-ലെ നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന ഷോളയാറിലെ അഡിഷണൽ സ്പിൽവേ, സർക്കാർ പതിസർജ്ഷാഫ്റ്റ് ഡൈവേർഷൻ, കാടമ്പാറ ഡാം നിർമ്മാണം തുടങ്ങിയ കരാർ ലംഘിച്ചു കൊണ്ടുള്ള നിർമ്മാണ പണികൾക്ക് കേരള സർക്കാർ തമിഴ്നാടിന് അനുവാദം കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അനുവാദ നടപടിയുടെ പകർപ്പു നൽകുമോ ;

(സി) ഇല്ലെങ്കിൽ തമിഴ്നാടിനെതിരെ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) തമിഴ്നാടിന്റെ കരാർ വിരുദ്ധ നിർമ്മാണ പണികൾകൊണ്ട് കേരളത്തിന് ഏതെല്ലാം സ്ഥാനത്ത് പ്രതിവർഷം എത്ര ഘനയടി ജലമാണ് നഷ്ടമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ നിർമ്മാണങ്ങൾക്ക് സംസ്ഥാന സർക്കാർ അനുമതി നല്കിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly